ആശ്രാമത്തു വായനശാലയും, നിശാപാഠശാലയും.

36. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലം ആശ്രാമത്തു പിന്നോക്കസമുദായങ്ങളുടെ ആവശ്യാർത്ഥം ഒരു വായനശാലയും, ഒരു നിശാപാഠശാലയും സ്ഥാപിച്ചുകിട്ടണമെന്നുള്ള അപേക്ഷ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടിയെടുത്തു എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : (എ) ഉണ്ട്.

(ബി) ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നു.

നെൽക്കൃഷി.

37. MR. T. T. KESAVAN SASTRI (*Kunnahunad I—Pulaya Reserved*): കുന്നത്തുനാട്ടുതാലൂക്കിൽ ചേന്ദമഞ്ഞല, കോതകുളങ്ങര എന്നീ പ്രകൃതികളിൽ അനേകായിരം ഏക്കർ സ്ഥലത്തു നെൽക്കൃഷി നടത്താൻ, ചാലക്കുടി പുഴയുടെ പശ്ചിമനിരത്തിലുള്ള പ്രസിദ്ധമായ അതിരപ്പള്ളി വെള്ളച്ചാട്ടത്തിനു സമീപം, മുടങ്ങിയ ചെലവിൽ ഒരു തോട്ടവെട്ടിയാൽ പുഴയിൽ അണകെട്ടാതെ വെള്ളം കയറുവാൻ സാധിക്കുമെന്നുള്ള വിവരം ഏതെങ്കിലും തീരത്തിൽ പൊതുജനങ്ങൾ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറിൽനിന്നും എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ എന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) ചാലക്കുടി പുഴയിൽനിന്നും വെള്ളം തിരിച്ചുകൊണ്ടുവരുന്നതു കൊച്ചി ഗവണ്മെൻറിന്റെ സമ്മതത്തോടുകൂടി ചെയ്യേണ്ട കാര്യമാണ്. ഇക്കാര്യത്തിൽ കൊച്ചി ഗവണ്മെൻറുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

MR. T. T. KESAVAN SASTRI : അതിരപ്പള്ളി വെള്ളച്ചാട്ടം വിദഗ്ധന്മാരുടെ പരിശോധനയ്ക്കിടയാക്കീട്ടുണ്ടോ എന്നു പറയാമോ?

HON'BLE MR. K. M. KORAH : നോട്ടീസു വേണം.

LIBRARY ARCHIVES Kerala Legislative Assembly